# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 2/07/2025

1. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതാണ്.
2. കേരള കാർഷിക സർവ്വകലാശാല, കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ ബി. എസ്. സി.- എം. എസ്. സി. (ഇൻറ്റഗ്രേറ്റഡ് ) ബയോളജി & മൈക്രോബയോളജി കോഴ്സുകളുടെ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്കായി സന്ദർശിക്കുക https://kau.in/academic-notifications/31701
3. കൃഷി സമൃദ്ധി പദ്ധതി പ്രകാരം കോതമംഗലം മുൻസിപ്പാലിറ്റി തലത്തിൽ രൂപീകരിച്ച 'കൃഷിക്കൂട്ട ഫെഡറേഷന്റെയും ഞാറ്റുവേല ചന്തയുടേയും ഉദ്ഘാടനം കോതമംഗലം എംഎൽഎ ആന്റണി ജോൺ നിർവ്വഹിച്ചു. ഞാറ്റുവേല ചന്തയിൽ തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ പച്ചക്കറി തൈകൾ എന്നിവ വില്പനക്കായി എത്തിച്ചിട്ടുണ്ട്. ജൂലൈ 5 വരെ ചന്ത നീണ്ടു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിൽക്കും. സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 107 കൃഷിഭവനുകളിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

4. കയർ വകുപ്പിന് കീഴിലുള്ള നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന വിവിധ കയർ അനുബന്ധ ഉൽപ്പന്നങ്ങളിൽ ഉള്ള തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയുടെ ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ഇന്ന് 11:30 ന് മാസ്കറ്റ് ഹോട്ടലിൽ സിംഫണി ഹാളിൽ നിർവഹിക്കും. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ ആശംസ അർപ്പിക്കും. പ്രസ്തുത പരിപാടിയിൽ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, പട്ടികജാതി പ്രമോട്ടർമാർ, ആദ്യ ബാച്ചുകളിലെ തിരഞ്ഞെടുക്കപ്പെട്ട പരിശീലനാർഥികൾ എന്നിവർ പങ്കെടുക്കും. 50 വയസ് പ്രായപരിധിയിൽ കവിയാത്ത പട്ടികജാതി വനിതകൾക്ക് പരിശീലനത്തിൽ പങ്കെടുക്കാം. സ്റ്റൈപെന്റോടു കൂടി നടത്തുന്ന ഈ തൊഴിൽ നൈപുണ്യ പരിശീലനത്തിൽ കയർ ഫ്രെയിം മാറ്റ്, ചകിരിച്ചോർ കമ്പോസ്റ്റ്, കയർ ഭൂവസ്ത്രം എന്നിവയുടെ നിർമാണ പരശീലനം ലഭ്യമാക്കും. 30 ദിവസമാണ് പരിശീലന കാലാവധി. പരിശീലനത്തിന് ശേഷം വേതനത്തോടുകൂടിയ ഇന്റേൺഷിപ്പും നൽകും. വിശദവിവരങ്ങൾക്ക്: 0471–2730788,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കാർഷികസർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി കോളേജിലെ സുരക്ഷ ജോലികൾ (സെക്യൂരിറ്റി ഗാർഡ്) ഒരു വർഷക്കാലം ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾലഭിക്കേണ്ട അവസാന തിയതി 15.07.2025 ന് ഉച്ചയ്ക്ക് 1 മണി. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in, kcaet.kau.in എന്നീ വെബ്സൈറ്റുകളിലോ 0494-2686214 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

6. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന മന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലെ ഘടക പദ്ധതികളിലേക്ക് നിയമനം നടത്താൻ മത്സ്യ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്സി വിഭാഗക്കാർക്ക് ആർ. എ. എസ് (2020-2021), ബയോഫ്ലോക് (2021-2022) പദ്ധതികളിലേക്കും, ജനറൽ വിഭാഗക്കാർക്ക് മീഡിയം സ്കെയിൽ ഓർണമെന്റൽ (2021-2022) (2022-2023) വിഭാഗത്തിലേക്കും അപേക്ഷിക്കാം. സ്വയം തയ്യാറാക്കിയ അപേക്ഷകൾ ജൂലൈ 5 നകം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പൂക്കോട് ഓഫീസിൽ ലഭ്യമാക്കണം. ഫോൺ 9446809539.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ ഹ്യസ്വ കോഴ്സിലെ പുതിയ ബാച്ച് 2025 ജൂലൈ 21 ന് ആരംഭിക്കുന്നു. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്ക് ഉപയോഗിച്ച് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി 2025 ജൂലൈ 20.

8. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ, ' അലങ്കാര മത്സ്യകൃഷി, വളർത്തു മത്സ്യ കൃഷി ' എന്നീ വിഷയങ്ങളിൽ 6 മാസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 5 പേർക്ക് ആയിരിക്കും ആദ്യത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക . വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ്

നൽകുന്നതായിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസ് സമയത്തിൽ 07.07.2025 ന മുമ്പായി (10 മണിക്കും 5 മണിക്കും ഇടയിൽ) ബന്ധപ്പെടുക -ഫോൺ നമ്പർ 0487-2370773, 8547070773

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2025 ജൂലൈ 07 മുതൽ 11 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : training@rubberboard.org.in

10. **കാർഷിക നിർദേശം**

കുരുമുളക്

കാലവർഷത്തിനു മുന്നോടിയായി എത്തുന്ന മഴ ആരംഭിച്ചാലുടൻതന്നെ ദ്രുതവാട്ടത്തെ ചെറുക്കാൻ സ്യൂഡോമോണാസ് 30 ഗ്രാം അല്ലെങ്കിൽ ബാസില്ലസ് സബ്ടില്ലീസ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുരുമുളകു ചെടിയുടെ തണ്ടിനോടു ചേർത്ത് മണ്ണിൽ ഒഴിക്കുക. ഒരു ചെടി ചുവട്ടിൽ കുറഞ്ഞത് 500 മില്ലി ഒഴിക്കണം. മഴ ലഭിച്ചാൽ മാസാവസാനത്തോടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താങ്ങുകാലുകൾ നടാം. വേരു പിടിച്ച താങ്ങുകാലിൽ നിന്ന് 15 സെ.മീ. അകലെ കുഴികളെടുത്തശേഷം ട്രൈക്കോഡെർമ അടങ്ങിയ ജൈവവളം ചേർത്ത് തൈകൾ നടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം